# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5211** — **27.06.2019 - ൽ മറുപടിക്ക്.**

## ഇ-പോസ് മെഷീൻ സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ :** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| **(എ)** റേഷൻ വിതരണത്തിലെ ക്രമക്കേടും അഴിമതിയും കുറയ്ക്കുവാൻ ഇ-പോസ് മെഷീൻ സംവിധാനം ഇടയാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ ;<br><br>**(ബി)** ഓൺലൈൻ സംവിധാനത്തിലെ സെർവർ തകരാർ, നെറ്റ്‌വർക്ക് തകരാർ മുതലായ കാരണങ്ങളാൽ റേഷൻ വിതരണം പലപ്പോഴും തടസ്സപ്പെടുന്നു വെന്ന ആക്ഷേപം ഒഴിവാക്കുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | **(എ) യും (ബി) യും** ഉണ്ട്. ഇ-പോസ് മെഷീനുകൾക്ക് തകരാർ വരുന്ന മുറയ്ക്ക് മെഷീൻ നന്നാക്കി നൽകുകയോ പകരം മെഷീൻ നൽകുകയോ ചെയ്യുന്നുണ്ട്. നെറ്റ് വർക്ക് പ്രശ്നങ്ങൾ നിലനിൽക്കുന്ന ഒറ്റപ്പെട്ട പ്രദേശങ്ങളിൽ ഇ-പോസ് മെഷീനുകൾ ശരിയായി പ്രവർത്തിക്കാത്ത സമയങ്ങളിൽ മാനുവലായി റേഷൻ വിതരണം നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. താലൂക്ക് തലത്തിൽ സർവ്വീസ് എഞ്ചിനീയർമാരുടെ സേവനം ഉറപ്പ് വരുത്തുന്നുണ്ട്. |
| **(സി)** റേഷൻ കടകൾ വഴി ബാങ്കിംഗ് സേവനങ്ങൾ ലഭ്യമാക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | **(സി)** റേഷൻകടകളിലെ ഇ-പോസ് മെഷീൻ വഴി മൈക്രോ എ.ടി.എം. സംവിധാനം ആരംഭിക്കുന്നതിനായി വിവിധ ബാങ്കുകളുടെ Expression of Interest (EoI) പരിശോധിച്ച് വരുന്നു. |

**സെക്ഷൻ ഓഫീസർ**